# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 631 29.05.2019- ൽ മറുപടിക്ക്

### കണ്ണൂർ നാട്ടുകാണി ടെക്സ്റ്റൈൽ പാർക്കിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കണ്ണൂർ ജില്ലയിലെ നാട്ടുകാണിയിൽ നിർമ്മാണം പൂർത്തിയാക്കിയ ടെക്സ്റ്റൈൽ പാർക്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; | (എ) കണ്ണൂർ ജില്ലയിലെ നാട്ടുകാണിയിൽ നിർമ്മാണം പൂർത്തിയാക്കിയ കിൻഫ്ര ടെക്സ്റ്റൽ പാർക്കിൽ വികസിപ്പിച്ച പ്ലോട്ടുകൾ, റെഡി ടു യൂസ് ഫാക്ടറി കെട്ടിടങ്ങൾ, വൈദ്യുതി, ജലം, റോഡുകൾ, വെയർഹൗസ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഡൈയിംഗ് പ്ലാന്റ് തുടങ്ങിയ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) എത്ര കമ്പനികൾക്ക് എത്ര സ്ക്വയർ ഫീറ്റ് സ്ഥലം ഇവിടെ ക്രമീകരിച്ചിട്ടുണ്ടെന്നും എത്ര കമ്പനികൾ പ്രവർത്തനം ആരംഭിച്ചുവെന്നും വെളിപ്പെടുത്താമോ; | (ബി) നാട്ടുകാണിയിലെ കിൻഫ്ര ടെക്സ്റ്റൈൽ പാർക്കിൽ 3 സംരംഭകർക്കായി 14500 ചതുരശ്ര അടി സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത സംരംഭകർ അവരുടെ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തിപ്പിച്ചു വരുന്നു.<br><br>കൂടാതെ, 59 സംരംഭകർക്കായി 37.17 ഏക്കർ ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിൽ 20 സംരംഭകർ അവരുടെ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തിപ്പിച്ചു വരുന്നു. മറ്റ് സംരംഭങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു. |
| (സി) ടെക്സ്റ്റൈൽ പാർക്ക് പ്രവർത്തനക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ? | (സി) നാട്ടുകാണി ടെക്സ്റ്റൈൽ പാർക്ക് പ്രവർത്തനക്ഷമമാണ്. |

സെക്ഷൻ ഓഫീസർ